(ഡി) പ്രസ്തുത എസ്റ്റേറ്റിൽ നിലവിൽ പ്രവർത്തനം നിർത്തിയ ഏതെങ്കിലും യൂണിറ്റുകളുണ്ടോ; എങ്കിൽ ആയത് റീ-അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ അത്താണി വ്യവസായ വികസന പ്ലോട്ടിൽ 8 യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. അവയിൽ 2 യൂണിറ്റുകളുമായി ബന്ധപ്പെട്ട കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. 4 യൂണിറ്റുകൾ റീ-അലോട്ട് ചെയ്ത് തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രവർത്തിക്കാത്ത 2 യൂണിറ്റുകൾ തിരിച്ചെടുക്കുന്നതിന്റെ ഭാഗമായി പ്രാരംഭ നോട്ടീസ് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**നൂതന വ്യവസായ സംരംഭങ്ങൾ**

113(3545) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരംഭിക്കുന്ന നൂതന വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ & ബി) നൂതന വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച പദ്ധതിയിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവസംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിച്ചിരുന്നു. അതിൽ 81 സംരംഭകരാണ് പദ്ധതിയുടെ ഉപഭോക്താക്കളായത്. അതിൽ 44 കമ്പനികൾ വിജയകരമായി സംരംഭം നടത്തി വരുന്നു. 25 കമ്പനികൾ വിവിധ വളർച്ചാ ഘട്ടത്തിലാണുള്ളത്. 12 കമ്പനികൾക്ക് വിജയകരമായി സംരംഭം നടത്താൻ സാധിച്ചില്ല.